11

8800
27/12/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ' ട്രാൻസ്ജെന്റർ ക്ഷേമം - ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ധനസഹായം - തുക വനിതാ വികസന കോർപ്പറേഷന് കൈമാറുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.658/2018/സാനീവ തീയതി, തിരുവനന്തപുരം,15.11.2018**

---

പരാമര്‍ശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 06.09.2018 ലെ സി2-11834/2018 നമ്പർ കത്ത്.

(2) 25.09.2018 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സമൂഹത്തിൽ ഏറ്റവുമധികം അവഗണന അനുഭവിക്കുന്ന വിഭാഗമാണ് ട്രാൻസ്ജെന്റേഴ്സ് ഈ വിഭാഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. ടി പോളിസിയുടെ ഭാഗമായി ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെന്റർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും വ്യക്തിഗത ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ മുഖേന വായ്പ നൽകുന്നതിന് സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനം കൈക്കൊണ്ടിരുന്നു. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ സാമൂഹ്യ പുനർസംയോജനം സാദ്ധ്യമാക്കുന്ന തരത്തിലുള്ള സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ (10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3 ലക്ഷം രൂപ ക്രമത്തിൽ) ആകെ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) വനിതാ വികസന കോർപ്പറേഷന് കൈമാറുന്നതിനുള്ള അനുമതി നൽകണമെന്നും ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും, വനിതാ വികസന കോർപ്പറേഷൻ എം. ഡിയും ചേർന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, തിരഞ്ഞെടുക്കപ്പെടുന്നത് ധനപരമായും, സാങ്കേതികമായും പ്രയോജനം നൽകുന്ന പദ്ധതികളായിരിക്കണമെന്നും പരമാവധി 3 ലക്ഷം രൂപ വരെ വായ്പാ പരിധിയിൽ നൽകാവുന്നതാണെന്നുമുള്ള നിബന്ധനകളോടെ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ സാമൂഹ്യ പുനർസംയോജനം സാദ്ധ്യമാക്കുന്ന തരത്തിലുള്ള സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ആകെ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വനിതാ വികസന കോർപ്പറേഷന് കൈമാറുന്നതിനുള്ള അനുമതി നല്കി ഇതിനാല് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
ബഹു.ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ